# അലകൾ

═ ദ്വൈവാരിക ═

(കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്, ജി.പി.ഒ. ലെയിൻ, സ്റ്റാച്ചൂ, തിരുവനന്തപുരം - 695 001

പുസ്തകം 3 ലക്കം 89 ❖ തിരുവനന്തപുരം ❖ 2011 മേയ് 1–15 www.alakal.net വില 2 രൂപ

# പ്രകൃതിവാതകമെത്തിക്കാൻ കടലിലൂടെ പൈപ്പ്ലൈൻ: മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക

എറണാകുളം : കൊച്ചിയിലെ എൽ.എൻ.ജി. പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ നിന്നും കായംകുളംവരെ കടലിനടിയിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച്, കായംകുളം താപവൈദ്യുത നിലയത്തിലേയ്ക്ക് പ്രകൃതി വാതകം എത്തിക്കാനുള്ള നീക്കം മത്സ്യബന്ധന മേഖലയിൽ ഒട്ടനവധി പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ഭാരവാഹികൾ പ്രസ്താവിച്ചു. 90 കിലോമീറ്റർ കടലിനടിയിലൂടെയും മൂന്നര കിലോമീറ്റർ കടൽ തീരത്തുകൂടിയുമാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കടലിന്റെ അടിത്തട്ടിൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ നിരവധിയാണ്. മത്സ്യസമ്പത്തിന്റെ നിലനിൽപിനെ തന്നെ പ്രതികൂലമായി ബാധിക്കും. ഈ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകാനിടയുള്ള തൊഴിൽ നഷ്ടത്തെക്കുറിച്ച് യാതൊന്നും അധികൃതർ കണക്കാക്കിയിട്ടില്ല. സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ കടലിലൂടെയുള്ള പൈപ്പുലൈൻ സുരക്ഷിതമാണോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. കടലിൽ ആർക്കും എന്തുമാകാവുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നടക്കുന്നത്. ജപ്പാനിലെ ഭൂക്കുഷിമയിൽ ഉണ്ടായ ആണവ ദുരന്തത്തിന്റെ പ്രത്യാഘാതങ്ങൾ കടലിലൂടെ എത്രമാത്രം വ്യാപിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണ്. കന്യാകുമാരി ജില്ലയിലെ കൂടംകുളം ആണവനിലയത്തിന് എന്തെങ്കിലും സംഭവിച്ചാൽ തിരുവനന്തപുരം മുതൽ മധ്യകേരളംവരെയുള്ള ജനങ്ങൾ അതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടി വരും.

കേരളത്തിലെ കടൽ വർഷകാലമാകുമ്പോൾ ഏറെ പ്രക്ഷുബ്ധമാകാറാണ് പതിവ്. കടലിനടിയിലൂടെ സ്ഥാപിക്കുന്ന പൈപ്പുലൈൻ തീരത്തെത്തുമ്പോൾ എത്രമാത്രം സുരക്ഷിതമെന്ന് പറയാനാകില്ല. തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറിയിൽ നിന്നുള്ള മാലിന്യം പൈപ്പ് ലൈനിലൂടെ ആഴക്കടലിൽ നിക്ഷേപിക്കാനുള്ള പദ്ധതിപോലും കടലിലെ സുരക്ഷിതത്വത്തിന്റെ പേരിലും മത്സ്യതൊഴിലാളികളുടെ എതിർപ്പിന്റെ പേരിലും ഉപേക്ഷിക്കുകയും, പകരം ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ അധികൃതർ നിർബന്ധിതമായ വസ്തുത തിരിച്ചറിയേണ്ടിയിരിക്കുന്നു.

പ്രകൃതിവാതകമെത്തിക്കാൻ കടലിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള നീക്കം മത്സ്യതൊഴിലാളികളിൽ ആശങ്ക ഉയർത്തിയിരിക്കുകയാണ്. ഇതു സംബന്ധിച്ച് ജൂൺ നാലിന് ആലപ്പുഴയിൽ ബഹുജന കൺവെൻഷൻ നടത്തും. തുടർന്നുള്ള സമരപരിപാടികൾക്ക് ബഹുജന കൺവെൻഷനിൽ അന്തിമരൂപം നൽകുന്നതാണ്.

മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപും കണക്കിലെടുത്ത് ഇനി അധികാരത്തിൽ വരുന്ന സർക്കാർ മൺസൂൺ കാലയളവിൽ 90 ദിവസത്തേയ്ക്കു ട്രോളിംഗ് ബോട്ടുകളുടെ പ്രവർത്തനം നിരോധിക്കണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.

# പരമ്പരാഗത–ചെറുകിട മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികൾ

കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരത്ത് 222 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളും, കടൽമേഖലയിൽ 8.72 ലക്ഷവും ഉൾനാടൻ മേഖലയിൽ 2.60 ലക്ഷവും ഉൾപ്പെടെ 11.32 ലക്ഷം മത്സ്യതൊഴിലാളികളും, മത്സ്യ-അനുബന്ധ മേഖലയിൽ 63000 തൊഴിലാളികളും ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ബഹുഭൂരിപക്ഷം വരുന്ന പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹം ഇന്ന് ഏറെ പ്രതിസന്ധി നേരിടുകയാണ്. മുഖ്യധാരാസമൂഹത്തിൽ നിന്നും ഏറെ പിന്നോക്കം നിൽക്കുന്ന ഈ മത്സ്യതൊഴിലാളി സമൂഹം ഏറ്റവും നല്ല പ്രോട്ടീൻ ആഹാരമായ മത്സ്യം ബഹുജനങ്ങൾക്ക് എത്തിക്കുക മാത്രമല്ല, നല്ലൊരു ശതമാനം വിദേശനാണ്യം നേടിത്തരിക കൂടി ചെയ്യുന്നു. രാത്രിയും പകലും സമുദ്രാതിർത്തിയിലുടനീളം മീൻപിടുത്തത്തിലേർപ്പെടുന്നതിലൂടെ രാജ്യസുരക്ഷ ഉറപ്പാക്കുന്നതിലും മുഖ്യപങ്ക് വഹിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. എന്നാൽ സാമ്പത്തിക - ആരോഗ്യ - വിദ്യാഭ്യാസ മേഖലകളിൽ ഇവർ ഏറെ പിന്നിലുമാണ്.

മത്സ്യസമ്പത്തിന്റെ ശോഷണമാണ് ഇപ്പോൾ നേരിടുന്ന മുഖ്യപ്രതിസന്ധി. വിദേശ മീൻപിടുത്ത കപ്പലുകളുടെ കടന്നുകയറ്റവും, സ്വദേശ ട്രോളറുകളുടെയും പഴ്സീൻ ബോട്ടുകളുടെയും അമിത മത്സ്യബന്ധനവും, പരമ്പരാഗത മത്സ്യതൊഴിലാളികളുടെ തന്നെ അശാസ്ത്രീയമായ മത്സ്യബന്ധനരീതികളും മത്സ്യശോഷണത്തിന് ഇടയാക്കുന്നു. നമ്മുടെ കടലിൽ നിന്നും പിടിച്ചെടുക്കാ

വുന്നതിലും അധികം മത്സ്യം ഇപ്പോൾ തന്നെ പിടിച്ചെടുക്കുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ ക്രമാതീതമായ വർദ്ധനവ് നിയന്ത്രിക്കാൻ സർക്കാരിനും കഴിയുന്നില്ല. ബോട്ട്, വള്ളം, വല എന്നിവയുടെ വലിപ്പം കൂട്ടുക, എൻജിന്റെ കുതിരശക്തി വർദ്ധിപ്പിക്കുക തുടങ്ങിയുള്ള മത്സരമാണ് ഇപ്പോൾ ഈ മേഖലയിൽ നടക്കുന്നത്. പലപ്പോഴും ഇന്ധനചെലവിനുള്ള മത്സ്യം പോലും ലഭിക്കാറില്ല. എന്നിരുന്നാലും ഉപജീവനത്തിനായി നിത്യവും കടലമ്മയെ ആശ്രയിക്കാതെ തരമില്ലല്ലോ.

കേന്ദ്രസർക്കാരിന്റെ നയവൈകല്യം മത്സ്യമേഖലയുടെ നിലനിൽപിനെ തന്നെ പ്രതികൂലമായ ബാധിക്കുന്നു. സ്വതന്ത്ര വ്യാപാര കരാറുകളുടെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നിന്നുള്ള മത്സ്യഇറക്കുമതി പരമ്പരാഗത മീൻപിടുത്തക്കാരേയും മത്സ്യവിപണന സ്ത്രീകളെയും പട്ടിണിയിലേയ്ക്ക് തള്ളിവിടുന്നു. മത്സ്യതൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പല സബ്സിഡികളും ഇന്ന് നിഷേധിക്കപ്പെടുന്നു. സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ കടലിൽ, കേന്ദ്രസർക്കാർ പുത്തൻ നിയമനിർമ്മാണങ്ങൾ നടത്തുന്നത് വിദേശ-സ്വദേശ വൻകിട സംരംഭകർക്കായിരിക്കും പ്രയോജനപ്പെടുക. പ്രത്യേക സാമ്പത്തിക മേഖല, മറൈൻ പാർക്കുകൾ, സമുദ്ര സംരക്ഷിത മേഖല തുടങ്ങിയ നിരവധി പ്രഖ്യാപനങ്ങൾ ഇതിനകം വന്നുകഴിഞ്ഞു. ഇത്തരം സമുദ്ര മേഖലകളിൽ മീൻപിടുത്തക്കാർക്ക് പ്രവേശിക്കാൻ പോലും കഴിയില്ല. 'തീരദേശ നിയന്ത്രണ വിജ്ഞാപനം 2011' മത്സ്യതൊഴിലാളി സമൂഹത്തിന് ഏറെ ബുദ്ധിമുട്ടുകൾക്ക് ഇടവരുത്തുമ്പോൾ തന്നെ തീരക്കടലും കടൽതീരവും ടൂറിസം-വ്യവസായ-നിർമ്മാണ ലോബികളുടെ അധീനതയിൽ എത്തപ്പെടാൻ പഴുതുകൾ തുറന്നിരിക്കുകയാണ്. കടൽതീരത്തുകൂടിയുള്ള മീൻപിടുത്തക്കാരുടെ സഞ്ചാര സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെടും.

മത്സ്യേതര മേഖലയിൽ നിന്നുള്ള വൻമുതൽമുടക്കുകാർ ഈ മേഖല കയ്യടക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുകയാണ്. മത്സ്യസമ്പത്തിന്റെ സംരക്ഷണം ഇത്തരക്കാർ നോക്കാറില്ല. ലാഭം മാത്രമാണ് അവരുടെ ലക്ഷ്യം. ഈ മേഖല മുച്ചൂടും മുടിച്ച്, മറ്റു മേഖലകളിലേയ്ക്ക് അവർ ചേക്കേറും. മത്സ്യതൊഴിലാളി സമൂഹം തീരാദുരിതത്തിലുമാകും. അത്തരം ഒരവസ്ഥാവിശേഷത്തിലേയ്ക്ക് മത്സ്യതൊഴിലാളി സമൂഹം എത്തിപ്പെടാതിരിക്കണമെങ്കിൽ മീൻപിടിക്കാനുള്ള അവകാശവും മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യതൊഴിലാളികൾക്ക് മാത്രമാണെന്ന വ്യവസ്ഥ നിയമം മൂലം നടപ്പാക്കിയേ മതിയാവൂ.

നമ്മുടെ കടലിൽ നിന്നും പരമാവധി പിടിച്ചെടുക്കാവുന്ന മത്സ്യസമ്പത്ത് എത്ര മാത്രമാണെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തുകയും അവ പിടിച്ചെടുക്കാൻ ആവശ്യമായ ട്രോളിംഗ് ബോട്ടുകൾ, ഗിൽനെറ്റ് ബോട്ടുകൾ, ഇൻബോർഡ് - ഔട്ട്ബോർഡ് വള്ളങ്ങൾ, സാധാരണ വള്ളങ്ങൾ, കട്ടമരങ്ങൾ ഇവയ്ക്ക് ആവശ്യമായ വല, ചൂണ്ട, മറ്റു ഉപകരണങ്ങൾ എന്നിവ എത്രമാത്രം വേണമെന്ന് നിജപ്പെടുത്തുകയും അതിനുമപ്പുറമുള്ളവ ഘട്ടം ഘട്ടമായി ആഴക്കടൻ മത്സ്യബന്ധനത്തിനായി തിരിച്ചുവിടുകയും വേണം. കണ്ണിവലുപ്പം കുറഞ്ഞ വലകൾ സർക്കാർ ഏജൻസിയായ മത്സ്യഫെഡ് മുഖേന വിതരണം ചെയ്യാതിരിക്കുകയാണ് അഭികാമ്യം.

ബോട്ട്, വള്ളം, വല എന്നിവയുടെ നീളം പരിമിതപ്പെടുത്തുകയും, കുതിരശക്തി കൂടിയ എൻജിൻ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്താൽ ഒരു പരിധിവരെ ഈ മേഖലയിൽ മത്സരിച്ചുള്ള പരക്കം പാച്ചിൽ ഒഴിവാക്കാൻ കഴിയും. ചൈനയിൽ നിന്നും ഇപ്പോൾ ഇറക്കുമതി ചെയ്യുന്ന കുതിരശക്തി കൂടിയ എൻജിനുകൾ നിരോധിച്ചില്ലെങ്കിൽ ഒരു യന്ത്രം കൊണ്ടുതന്നെ കടലിന്റെ അടിത്തട്ട്മുതൽ മുകൾപ്പരപ്പുവരെയുള്ള മത്സ്യം പിടിച്ചെടുക്കാനാകും. അത് മത്സ്യസമ്പത്തിന്റെ ശോഷണത്തിനിടയാക്കും.

എല്ലാ മത്സ്യതൊഴിലാളികൾക്കും മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ചു ഉപജീവനം നടത്താൻ കഴിയില്ല. കുറെപ്പേരെ ഇതര തൊഴിൽ മേഖലകളിലേയ്ക്ക് തിരിച്ചുവിടാൻ പര്യാപ്തമാകും വിധം ഒരു പ്രത്യേക പാക്കേജിനു രൂപം നൽകുകയും ഒരു നിശ്ചിത വിഭാഗം ആളുകളെ ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. അതിലൂടെ മത്സ്യബന്ധനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവർക്ക് ഒരു പരിധി വരെയെങ്കിലും മാന്യമായി ജീവിക്കാനും ഇടവരുത്തും.

മത്സ്യബന്ധന മേഖലാ പരിപാലനത്തിനും, മത്സ്യമേഖലാ വികസനത്തിനും, തൊഴിൽ സംരക്ഷണത്തിനുമായി മത്സ്യതൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാന-ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾക്ക് രൂപം നൽകുവാൻ സർക്കാർ തയ്യാറാകണം.

ശാസ്ത്രജ്ഞർ, മത്സ്യതൊഴിലാളികൾ, ഫിഷറീസ് ഉദ്യോഗസ്ഥർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ടുമെന്റ് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകുകയും പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കുകയും ചെയ്താൽ മത്സ്യതൊഴിലാളികൾക്ക് അതിന്റെ പ്രയോജനം യഥാസമയം ലഭ്യമാകും.

കാലാവസ്ഥാ വ്യതിയാനം കണക്കിലെടുത്ത് അടുത്തൊരു ഇരുപത്തിയഞ്ച് വർഷം മുന്നിൽകണ്ടുകൊണ്ട് കടലോരവും ജലാശയവും, അതിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളെയും സംരക്ഷിക്കാൻ ഉതകുന്ന സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകുന്നില്ലെങ്കിൽ മത്സ്യതൊഴിലാളി സമൂഹം തന്നെ ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് എത്തിച്ചേരും.

സാമൂഹ്യ-സാസ്കാരിക-വിദ്യാഭ്യാസ -ആരോഗ്യ-സാമ്പത്തിക മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് മത്സ്യതൊഴിലാളി ജനവിഭാഗങ്ങൾക്ക് മുന്നേറുവാൻ വേണ്ട കർമ്മപരിപാടികളാണ് അടിയന്തിരമായി വേണ്ടത്. മത്സ്യതൊഴിലാളി സമൂഹം മുഖ്യധാരയിലെത്തുവാൻ ഈ മേഖലയിലുള്ള തൊഴിലാളി സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും അക്ഷീണം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഇതര ജനവിഭാഗത്തോടൊപ്പം മാന്യമായി ജീവിക്കുവാനുള്ള അവകാശം നേടിയെടുക്കുവാൻ യോജിച്ച പ്രവർത്തന പരിപാടികളാണ് ഇന്നിന്റെ ആവശ്യം

*- അലകൾ*

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-3012196, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com